# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*275** **07.10.2016 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ജനകീയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാജേഷ്**<br>**ശ്രീ.പി.കെ.ശശി**<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ**<br>**ശ്രീ.എം.മുകേഷ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) പച്ചക്കറികളിലെ അമിതമായ കീടനാശിനി പ്രയോഗം കണക്കിലെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾക്കുപരിയായി ജനകീയ ഇടപെടലോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | എ) പച്ചക്കറികളിലെ അമിതമായ കീടനാശിനിപ്രയോഗം കണക്കിലെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. ജനകീയ ഇടപെടലോടെയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇതിനായി ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ച് കൊണ്ടാണ് ജൈവകൃഷി നടപ്പിലാക്കുന്നത്. നല്ല കൃഷി മുറകൾ പാലിക്കുന്നുണ്ടോ എന്ന് മറ്റ് കർഷകർക്കും ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും പരിശോധിക്കാൻ അവസരം നൽകുന്നുണ്ട്.<br>കൃഷി വകുപ്പിന്റെ പദ്ധതികൾക്കുപരിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയും, ജനകീയ ഇടപെടലോടെയും ജൈവകൃഷി പദ്ധതികൾ വിവിധ പഞ്ചായത്തുകൾ വഴി നടപ്പിലാക്കിവരുന്നുണ്ട്.<br>സംസ്ഥാനത്ത് 50000 ഹെക്ടർ പ്രദേശത്ത് ഘട്ടംഘട്ടമായി ജൈവ കൃഷി ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| ബി) പ്രസ്തുത മേഖലയിലെ ജനകീയ സംരംഭങ്ങൾക്ക് ഗുണമേന്മയുള്ള വിത്ത്, വളം എന്നിവ മിതമായ നിരക്കിൽആവശ്യാനുസരണം | ബി) 2016-17 ലെ ജൈവ കൃഷി പ്രോത്സാഹന പദ്ധതിയിൻ കീഴിൽ ജൈവവളം കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകി വരുന്നു. |

ലഭ്യമാക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശം നൽകുമോ;

ഒരു ബ്ലോക്കിൽ 20 കമ്പോസ്റ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 10 റൂറൽ കമ്പോസ്റ്റും, 10 വെർമി കമ്പോസ്റ്റും ആണ്. റൂറൽ കമ്പോസ്റ്റ് ഒന്നിന് 5000 രൂപയും വെർമി കമ്പോസ്റ്റ് ഒന്നിന് 7500 രൂപയുമാണ് ധനസഹായം നൽകുന്നത്.

ഗുണമേന്മയുള്ള വിത്ത് കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിൽ നിന്നും കൃഷി ഭവനുകളിൽ നിന്നും ലഭിക്കുന്നതാണ്. കൂടാതെ സർക്കാർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന അഗ്രോബസാറുകൾ വഴി കർഷകർക്കാവശ്യമുള്ള നടീൽ വസ്തുക്കൾ വിത്ത്, വളം മറ്റ് എല്ലാ യന്ത്ര സാമഗ്രികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതാണ്.

(സി) ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹന പദ്ധതികൾ നിലവിലുണ്ടോ; ജൈവകൃഷി താരതമ്യേന ചെലവു കൂടിയതായതിനാൽ ഉല്പാദന പ്രോത്സാഹനമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്ത് 60 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട് ജൈവ ഉല്പന്നങ്ങൾ ഇതുവഴി സംഭരിച്ച് വില്പന നടത്തിവരുന്നു. കൂടാതെ നല്ല കൃഷിമുറകൾ പാലിച്ച് കൃഷി ചെയ്യുന്ന തിരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് പച്ചക്കറികൾ പാക്കറ്റുകളിൽ ആക്കി വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3.00 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി ചെയ്യുന്നതിന് പ്രോത്സാഹനമായി ഒരു ഹെക്ടറിന് 3000 രൂപ ആനുകൂല്യവും നൽകുന്നുണ്ട്

S. [signature]

**സെക്ഷൻ ഓഫീസർ**